## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4973** — **11-08-2021 - ൽ മറുപടിയ്ക്ക്**

## കോവിഷീൽഡ് വാക്സിന്റെ വിനിയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഷീൽഡ് വാക്സിൻ സൗജന്യ സ്ലോട്ടിനെക്കാൾ കൂടുതൽ പെയ്ഡ് സ്ലോട്ട് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കോവിഷീൽഡ് വാക്സിന്റെ സൗജന്യ സ്ലോട്ടുകളാണ് കൂടുതൽ നൽകുന്നത്. ഗവൺമെന്റ് സിവിസി വഴി സൗജന്യമായും നിർമ്മാതാവും MoHFW ഉം നിശ്ചയിച്ച നിരക്ക് പ്രകാരം സ്വകാര്യ സിവിസി വഴിയുമാണ് ഇപ്രകാരം കോവിഡ് വാക്സിൻ നൽകി വരുന്നത്. 2021 മേയ് 1 മുതൽ ആഗസ്റ്റ് 6 വരെ, 18,19,301 ഗുണഭോക്താക്കൾ സ്വകാര്യമേഖലയിൽ നിന്ന് കോവിഡ് വാക്സിൻ സ്വീകരിച്ചിട്ടുണ്ട്. 2021 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ, കേന്ദ്രസർക്കാർ പ്രൈവറ്റ് കോവിഡ് വാക്സിനേഷൻ സെന്ററുകൾക്ക് സബ്സിഡി നിരക്കിൽ വാക്സിനേഷൻ നൽകിയ അവസരത്തിൽ 8,29,976 ഡോസുകൾ സ്വകാര്യമേഖലയിൽ നൽകിയിട്ടുണ്ട്. അങ്ങനെ മൊത്തം കോവിഡ് വാക്സിനേഷന്റെ 12.28% മാണ് ഇതുവരെ സ്വകാര്യ മേഖലയിൽ നടന്നത്. |
| (ബി) | സർക്കാരിന്റെ പക്കൽ വാക്സിൻ ഇല്ലാതിരുന്ന ദിവസങ്ങളിൽ സ്വകാര്യ ആശുപത്രികൾ കോവിഷീൽഡ് വാക്സിൻ നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേന്ദ്രസർക്കാരിന്റെ വിതരണവും സ്വകാര്യ വിതരണവും വ്യത്യസ്ത ചാനലുകളിലൂടെയാണ്. രണ്ടും സ്വതന്ത്രമാണ്. സർക്കാർ സിവിസികൾ കേന്ദ്രസർക്കാരിന്റെ സപ്ലൈ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്, എന്നാൽ സ്വകാര്യ സി.വി.സി.കൾ നിർമ്മാതാക്കളിൽ നിന്ന് നേരിട്ട് വാക്സിനുകൾ വാങ്ങുന്നു. സാധാരണ ദിവസങ്ങളിൽ, ആവശ്യത്തിന് സ്റ്റോക്ക് ഉള്ളപ്പോൾ, സർക്കാർ മേഖലയിൽ വാക്സിനേഷൻ സ്ലോട്ടുകൾ കൂടുതലാണ്. എന്നിരുന്നാലും, സർക്കാർ മേഖലയിൽ വാക്സിൻ സ്റ്റോക്ക് കുറവായിരിക്കുമ്പോൾ, ചിലപ്പോൾ സ്വകാര്യ മേഖലയിൽ കൂടുതൽ സ്ലോട്ടുകൾ ലഭ്യമാകാം. |
| (സി) | പതിനെട്ട് വയസിനും നാല്പത്തിയഞ്ച് വയസിനും ഇടയിൽ എത്ര പേർക്ക് ഈ വാക്സിൻ നൽകിയെന്നും ഇതിൽ സൗജന്യമായി നൽകിയത് എത്രയെന്നും പെയ്ഡ് എത്രയെന്നും വ്യക്തമാക്കാമോ; | (സി) | പതിനെട്ട് വയസിനും നാല്പത്തിയഞ്ച് വയസിനും ഇടയിൽ മൊത്തം 4320717 (6/8/2021) വരെ ഡോസുകൾ നൽകിയിട്ടുണ്ട്, അതിൽ 1245348 പേർക്ക് പെയ്ഡ് ഡോസ് നൽകി (780 രൂപ/ ഡോസ്). |

| | | | |
|---|---|---|---|
| (ഡി) | നാല്പത്തിയഞ്ച് വയസിനു മുകളിൽ എത്ര പേർക്ക് ഈ വാക്സിനേഷൻ നൽകി; ഇതിൽ സൗജന്യമായി നൽകിയതെത്ര; പെയ്ഡ് എത്ര; വ്യക്തമാക്കാമോ? | (ഡി) | 6/8/2021 വരെ നാല്പത്തിയഞ്ച് വയസ്സിനു മുകളിൽ 13340802 ഡോസുകൾ നൽകിയിട്ടുണ്ട്. അതിൽ 508494 പേർക്ക് പെയ്ഡ് ഡോസ് നൽകി (ഒരു ഡോസിന് 780 രൂപ). ഇതിനു പുറമെ 8,29,978 ഡോസുകൾ സ്വകാര്യ മേഖലയിൽ 250 രൂപ / ഡോസ് മാർച്ച്, ഏപ്രിൽ കാലയളവിൽ നൽകി. |

സെക്ഷൻ ഓഫീസർ